1. ഇ.ബി. XIII-കേരള നിയമസഭ/XI-22

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 10, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ

മി. സ്പീക്കർ: സിമന്റ്, കമ്പി, മണൽ തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ വിലയും കടത്തുകൂലി, ലോറി, ടിപ്പർ ചാർജ്ജുകൾ തുടങ്ങിയവയും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലും പൂർത്തിയാക്കിയ നിർമ്മാണ പ്രവൃത്തികളുടെ ഇനത്തിൽ 2500 കോടിയോളം രൂപ കോൺട്രാക്ടർമാർക്ക് കുടിശ്ശികയായിരിക്കുന്നതിനാലും സംസ്ഥാനത്തെ നിർമ്മാണമേഖല പാടെ

സ്തംഭനാവസ്ഥയിലായിരിക്കുകയും തൊഴിലാളികളും കുടുംബങ്ങളും ജീവിതം വഴിമുട്ടി ആശങ്കാകുലരായിരിക്കുകയും ചെയ്യുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഗവൺമെന്റ് അനവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കഴിഞ്ഞയാഴ്ച മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി ചർച്ച നടത്തി ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. ഗവൺമെന്റ് കോൺട്രാക്ടർമാരുടെ സെപ്തംബർ മാസം വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. അവശേഷിക്കുന്ന കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്രമായ ചർച്ചകൾ നടത്തുകയോ പരിഹാരം നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല. ഈ മാസം 15-ാം തീയതി മുതൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തേണ്ടതില്ലെന്ന് കരാറുകാർ തീരുമാനിച്ചിരിക്കുകയാണ്.

കുടിശ്ശികത്തുക നൽകാത്തതിന്റെ ഫലമായി പുതിയ കരാറുകൾ ഏറ്റെടുക്കുന്നതിന് കോൺട്രാക്ടർമാർ തയ്യാറാകാത്തതിനാൽ അന്യസംസ്ഥാന തൊഴിലാളികളുൾപ്പെടെയുള്ള സാധാരണക്കാരുടെ ജീവിതം ദുസ്സഹമായിരിക്കുകയാണ്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ വിലയിൽ വൻ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഈ സാഹചര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർവ്വകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്ത് മണൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. പരിസ്ഥിതി സംരക്ഷിക്കുന്നതോടൊപ്പം നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രകൃതിവിഭവങ്ങൾ കണ്ടെത്തുന്നതു സംബന്ധിച്ചും അഭിപ്രായ സമന്വയമുണ്ടാകണം. ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, ഇ. ചന്ദ്രശേഖരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ

പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) റെയിൽവേ യാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. വർക്കല കഹാർ: ദക്ഷിണ റെയിൽവേയുടെ വരുമാനത്തിന്റെ മൂന്നിലൊരു ഭാഗം സംഭാവന ചെയ്യുന്ന കേരളത്തോടുള്ള ഇന്ത്യൻ റെയിൽവേയുടെ അവഗണന അവസാനിപ്പിക്കേണ്ടതാണ്. പാലക്കാട് ഡിവിഷൻ വിഭജനവും മംഗലാപുരം, തിരുനെൽവേലി ഡിവിഷന്റെ വിഭജന ചിന്തകളുമെല്ലാം കേരളത്തിന്റെ റെയിൽവേ സാധ്യതകളെ തുരങ്കം വയ്ക്കുന്നതാണ്. കേരളത്തിലോടുന്ന മിക്ക ട്രെയിനുകളിലും കാലപ്പഴക്കമേറിയ കോച്ചുകളും വൃത്തിഹീനമായ ടോയ്ലറ്റുകളുമാണുള്ളത്. റെയിൽവേ സ്റ്റേഷനുകളിൽ വൃത്തിയുള്ള ക്യാന്റീനുകളുടെ അഭാവവും നിലവിലുണ്ട്. യാത്രക്കാരുടെ ബാഹുല്യം പരിഗണിച്ച് ജനറൽ കോച്ചുകളുടെയും ടിക്കറ്റ് കൗണ്ടറുകളുടെയും എണ്ണം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ലേഡീസ് കംപാർട്ട്മെന്റ് ട്രെയിനിന്റെ പുറകിൽ/മുന്നിൽ ആയത് സ്ത്രീ യാത്രക്കാരെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്.

വർഷങ്ങളായി നിലവിലുണ്ടായിരുന്ന 159-ഓളം സ്റ്റോപ്പുകൾ നിർത്തലാക്കാനുള്ള തീരുമാനം ട്രെയിൻ യാത്രക്കാരെ ബാധിക്കുന്നതാണ്. കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താനായി ഉദ്യോഗസ്ഥതലത്തിൽ സംവിധാനമൊരുക്കണം. റെയിൽവേ യാത്രക്കാരുടെ പ്രശ്നങ്ങൾ സർക്കാരിനെ യഥാസമയം അറിയിക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കണം. ജനശതാബ്ദി ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ട്രെയിനുകൾക്കുള്ള വർക്കലയിലെ സ്റ്റോപ്പ് ക്യാൻസൽ ചെയ്യുന്നതിനുള്ള തീരുമാനം പിൻവലിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കേരളത്തിലോടുന്ന ഭൂരിഭാഗം ട്രെയിനുകളുടെയും ബോഗികൾ കാലപ്പഴക്കമേറിയവയാണ്. കോച്ചുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള തിരുവനന്തപുരത്തെയും എറണാകുളത്തെയും സെന്ററുകൾ വിപുലീകരിച്ച് കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മംഗലാപുരം ഡിവിഷൻ രൂപീകരണം സംബന്ധിച്ച് ഗവൺമെന്റിന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ല. 25 കൊല്ലം കഴിഞ്ഞ എല്ലാ ബോഗികളും അഞ്ചുവർഷത്തിനുള്ളിൽ റീപ്ലെയ്സ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി നിലവിലുണ്ടായിരുന്ന 159-ഓളം സ്റ്റോപ്പുകൾ

നിർത്തലാക്കാനുള്ള തീരുമാനം സെപ്റ്റംബർ 30 വരെ മരവിപ്പിച്ചിട്ടുണ്ട്. സ്ത്രീ യാത്രക്കാർക്ക് ശല്യമുണ്ടാകാതിരിക്കാനാണ് സ്ത്രീകളുടെ ബോഗികൾ ട്രെയിനിന്റെ മധ്യഭാഗത്ത് സ്ഥാപിക്കാത്തതെന്നാണ് റെയിൽവേയുടെ വിശദീകരണം. ടൂറിസം സാധ്യതകൾ പരിഗണിച്ച് ദീർഘദൂര ട്രെയിനുകൾക്ക് വർക്കലയിലുള്ള സ്റ്റോപ്പ് റദ്ദാക്കരുതെന്ന് റെയിൽവേയോട് ആവശ്യപ്പെടുന്നതാണ്. ട്രെയിൻ യാത്രക്കാരുടെ പ്രശ്നങ്ങൾ സർക്കാരിനെ യഥാസമയം അറിയിക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

## (2) **അന്യസംസ്ഥാന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനമനുസരിച്ച് കേരളത്തിൽ 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ തൊഴിലുടമ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഭൂരിഭാഗം അന്യസംസ്ഥാന തൊഴിലാളികളും പരിമിതമായ സൗകര്യങ്ങളിലാണ് ജീവിക്കുന്നത്. പഞ്ചായത്തുകളുമായി ചേർന്ന് അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരം ശേഖരിച്ച് തിരിച്ചറിയൽ കാർഡും ഹെൽത്ത് കാർഡും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. അപകടത്തിൽപ്പെടുന്ന

തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഇടപെടലുണ്ടാകണം. അന്യസംസ്ഥാന തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലെ നിയമത്തിൽ അപര്യാപ്തതയുണ്ടെങ്കിൽ നിയമഭേദഗതി വരുത്തി സംരക്ഷണം ഉറപ്പാക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നപരിഹാര പ്രവർത്തനങ്ങൾ ക്ക് തടസ്സമായി നിൽക്കുന്നത് ഭാഷയും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അവരുടെ അജ്ഞതയുമാണ്. അതുകൊണ്ട് തിരുവനന്തപുരം, എറണാകുളം, ആലുവ, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളിൽ കിയോസ്കുകളുണ്ടാക്കി ഹിന്ദി ഭാഷ അറിയാവുന്നവരെ നിയോഗിച്ച് ഹെൽപ്പ് ലൈൻ ടോൾഫ്രീ നമ്പർ മുഖേന അന്യസംസ്ഥാന തൊഴിലാളികളുമായി കമ്മ്യൂണിക്കേറ്റ് ചെയ്യാനുള്ള സംവിധാനം ആരംഭിക്കുന്നതാണ്. ഭരണഘടനാ വിരുദ്ധമാകുമെന്നതിനാൽ തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കുകയില്ല. ഇവരുടെ വെൽഫെയർ മെഷേഴ്സിനുവേണ്ടി നിയമം കൊണ്ടുവരുന്ന കാര്യത്തിൽ കൺസെൻസസിലെത്താൻ സാധിച്ചിട്ടില്ല.

## സബ്മിഷൻ

### (1) കരാർ തൊഴിലാളികളെ പിരിച്ചുവിട്ടത് സംബന്ധിച്ച്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് പിരിച്ചുവിടപ്പെട്ട കരാർ തൊഴിലാളികളെ തിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എയർ ഇൻഡ്യയിലെ ഹാന്റ്ലിംഗ് ജോലികളുടെ പുതുക്കിയ കരാർ ഏറ്റെടുത്ത കരാറുകാരൻ പ്രവർത്തനം ആരംഭിക്കുന്നതിന് ജൂലൈ 15 വരെ സമയം ആവശ്യപ്പെട്ടിരിക്കുകയാണ്. 15-ാം തീയതിക്കകം പരിഹാരമുണ്ടാക്കി നേരത്തെ തൊഴിലെടുത്തവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതാണ്.

### (2) പ്രതിയെ അറസ്റ്റ് ചെയ്യൽ

ശ്രീ. മാത്യു റ്റി. തോമസ്: തിരുവല്ല നിയോജകമണ്ഡലത്തിലെ കല്ലൂപ്പാറ ദേവീക്ഷേത്രത്തിലെ അന്തേവാസിയായ ഗോപാലകൃഷ്ണ കൈമളിനെ കൊലപ്പെടുത്തി സ്വർണ്ണ താഴികക്കുടം മോഷ്ടിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കല്ലൂപ്പാറ ദേവീക്ഷേത്രത്തിലെ അന്തേവാസിയായ ഗോപാലകൃഷ്ണ കൈമളിനെ കൊലപ്പെടുത്തി സ്വർണ്ണത്താഴികക്കുടം മോഷ്ടിച്ച സംഭവത്തിൽ ക്ഷേത്രം പ്രസിഡന്റിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിൽ ആറുപേർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും അഞ്ചാംപ്രതിയായ അജിയൊഴികെ ബാക്കിയെല്ലാവരെയും അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒളിവിൽപ്പോയ പ്രതിയെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതശ്രമം നടത്തിവരികയാണ്. മോഷണം പോയ താഴികക്കുടത്തിലെ പത്ത് പവൻ തൂക്കം വരുന്ന സ്വർണ്ണം കന്യാകുമാരി ജില്ലയിലെ ബിസ്മില്ല ജൂവലറിയിൽനിന്ന് കണ്ടെടുത്തിട്ടുണ്ട്.

## (3) പ്രത്യേക സെൽ രൂപീകരണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട്, പാലക്കാട്, കാസർഗോഡ് തുടങ്ങിയ ട്രൈബൽ മേഖലകളിലെ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി എസ്.എം.എസ്. സംവിധാനമില്ലാത്ത പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിനും വനിതാപോലീസ് ഉൾപ്പെടെയുള്ള സ്റ്റാഫ് സ്ട്രെംഗ്ത്

അനുവദിക്കുന്നതിനും മറ്റ് ജില്ലകളിൽക്കൂടി ഇത്തരം സംവിധാനം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ട്രൈബൽ മേഖലകളിലെ പോലീസ് സ്റ്റേഷനുകളിൽ എസ്.സി./എസ്.ടി. പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട്, പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് എന്നിവ പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുനേരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട പരാതികളിലും കാര്യക്ഷമമായ അന്വേഷണം നടത്തുന്നതിന് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇത്തരം കേസുകൾ തീർപ്പ് കൽപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനായി നിലവിലുള്ള മൂന്ന് എസ്.എം.എസ്. യൂണിറ്റുകളെ ചാർജിംഗ് സ്റ്റേഷനുകളായി ഉയർത്തുന്നതിനും തിരുവനന്തപുരം റൂറൽ, കൊല്ലം, പത്തനംതിട്ട, ഇടുക്കി കോഴിക്കോട് റൂറൽ എന്നീ ജില്ലകളിൽക്കൂടി അഞ്ച് പുതിയ എസ്.എം.എസ്. യൂണിറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

നിലവിലുള്ള മൂന്ന് എസ്.എം.എസ്. യൂണിറ്റുകളുടെയും പുതുതായി അനുവദിച്ച അഞ്ച് യൂണിറ്റുകളുടെയും സുഗമമായ പ്രവർത്തനങ്ങൾക്ക് അധിക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

## (4) <u>അനധികൃത മണൽ ഖനനം</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> കാസർഗോഡ് ജില്ലയിൽ നടക്കുന്ന അനധികൃത മണൽഖനനം തടയുന്നതിനും പോർട്ട് മണലും പുഴമണലും ഇ-മണൽ സംവിധാനത്തിലൂടെ ലഭ്യമാക്കി മണൽക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): കാസർഗോഡ് ജില്ലയിലെ മണൽക്ഷാമം പരിഹരിക്കുന്നതിനും മണൽമാഫിയയുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനുംവേണ്ടി ഏർപ്പെടുത്തിയ ഇ-മണൽ സംവിധാനം മണൽ ലഭ്യതക്കുറവും പരിസ്ഥിതി ക്ലിയറൻസ് കിട്ടാനുണ്ടായ കാലതാമസംമൂലവും ഉദ്ദേശിച്ച ഫലമുണ്ടാകുന്നില്ല. ഇ-മണൽ സംവിധാനത്തിലൂടെ പോർട്ട് മണൽ ലഭ്യമാക്കുന്ന കാര്യം

പരിശോധിച്ചുവരികയാണ്. അനധികൃത മണൽഖനനം തടയുന്നതിന് പോലീസ്, റവന്യൂ, മൈനിംഗ് ആൻറ് ജിയോളജി വകുപ്പുകൾ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

## (5) ഒ.ബി.സി.യിൽ ഉൾപ്പെടുത്തൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: മലബാർ-കൊച്ചി ഭാഗത്തുള്ള ഒ.ബി.സി. ലിസ്റ്റിൽപ്പെട്ട ബോയൻ സമുദായക്കാർക്ക് നൽകുന്ന സംവരണാനുകൂല്യങ്ങൾ കരുവന്നൂർ പ്രദേശത്തുള്ള ബോയൻ സമുദായക്കാർക്കും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സംസ്ഥാനത്തെ ബോയൻ സമുദായക്കാരെ മലബാർ മേഖലയിൽ ഒ.ബി.സി-യിലും മലബാർ ഒഴികെയുള്ള പ്രദേശങ്ങളിൽ പട്ടികജാതി ലിസ്റ്റിലുമാണ് ഉൾപ്പെടുത്തിയിരുന്നതെങ്കിലും 2002-ൽ പട്ടികജാതി ലിസ്റ്റിൽനിന്ന് ഇവരെ ഒഴിവാക്കുകയുണ്ടായി. സംസ്ഥാന രൂപീകരണത്തിനുമുമ്പുള്ള മലബാർ ജില്ലയിൽ ഉൾപ്പെടുന്ന ബോയൻ സമുദായക്കാരെ ഒ.ബി.സി. ലിസ്റ്റിലെ മറ്റ്

പിന്നോക്കവിഭാഗങ്ങളിൽ ഉൾപ്പെടുത്തി ഉദ്യോഗ നിയമനങ്ങളിൽ സംവരണം നൽകുന്നതിനാണ് വ്യവസ്ഥയുള്ളത്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്.ഇ.ബി.സി. ലിസ്റ്റിൽ മറ്റ് പിന്നോക്ക ഹിന്ദുക്കൾ എന്ന വിഭാഗത്തിൽ പ്രാദേശിക വ്യത്യാസമില്ലാതെ എട്ടാമതായി ബോയൻ സമുദായത്തെ വിദ്യാഭ്യാസ സംവരണം നൽകുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻ മലബാർ ജില്ലയൊഴികെയുള്ള പ്രദേശങ്ങളിലെ ബോയൻ സമുദായത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണം നൽകുന്നത് സംബന്ധിച്ച വിഷയം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലിരിക്കുന്നതിനാൽ കമ്മീഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

## (6) <u>പുനരധിവാസ പാക്കേജ്</u>

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> ബാർ ഹോട്ടലുകൾ അടച്ചതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് പുനരധിവാസ പാക്കേജ് ഏർപ്പെടുത്തുന്നതിനും മരണപ്പെട്ടവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>):

ബാർ ഹോട്ടലുകളെ സംബന്ധിച്ച് നയപരമായ തീരുമാനം അന്തിമമായി സ്വീകരിക്കാത്തതിനാൽ തൊഴിലാളികളുടെ പുനരധിവാസം സംബന്ധിച്ച് ആലോചിച്ചിട്ടില്ല. അന്തിമ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് ഈ തൊഴിലാളികൾക്ക് പുനരധിവാസം നൽകുന്നത് സംബന്ധിച്ച് ചർച്ച ചെയ്യാവുന്നതാണ്.

## (7) കായലുകളിലെ പോള ശല്യത്തിന് ശാശ്വത പരിഹാരം

ശ്രീ. എ. എം. ആരിഫ്: അരൂർ മണ്ഡലത്തിലെ കായലുകളിലെ പോള ശല്യത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനും 'ഫിർമ'യുടെ പ്രവർത്തനം ഫലപ്രദമാക്കാനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കായലുകളിലെ പോള യന്ത്ര സഹായത്തോടെ നീക്കം ചെയ്യാനും പോള ഉപയോഗിച്ച് വെർമി കമ്പോസ്റ്റ്, ബയോ ഗ്യാസ് എന്നിവയുണ്ടാക്കാനും ലക്ഷ്യമിട്ടുകൊണ്ട് ഒരു പദ്ധതി നടപ്പാക്കിയിരുന്നു. അരൂക്കുറ്റിപ്പാലം, അരൂർ മുക്കം, കടപ്പുറം, തൈക്കാട്ടുശ്ശേരി എന്നിവിടങ്ങളിലെ കായലുകളിൽനിന്ന് 2013 നവംബർ മാസം 27 മുതൽ 2014 ഫെബ്രുവരി മാസം 3 വരെ യന്ത്രമുപയോഗിച്ച് പോള നീക്കം ചെയ്യുകയുണ്ടായെങ്കിലും കരാർ കാലാവധി അവസാനിച്ചതിനാൽ പോളവാരൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. പോള വാരൽ നടപ്പാക്കുന്നതിന് ആർ.കെ.വി.വൈ. പ്രകാരം ഫണ്ട്

ലഭിക്കുന്നതിനായി 'ഫിർമ' സമർപ്പിച്ച പദ്ധതിയിന്മേൽ വീണ്ടും അനുവദിക്കാൻ സാധിക്കില്ലെന്ന വിവരം അറിയിച്ചിരിക്കുകയാണ്. എങ്കിലും പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്. പോള ഉപയോഗിച്ച് മറ്റ് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് വിശദമായ ഗവേഷണം നടത്തേണ്ടതുണ്ട്.

## (8) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. പി. കെ. ബഷീർ: ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ-പന്നിപ്പാറ-പള്ളിമുക്ക് ഭാഗത്ത് ചാലിയാറിന് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിൽ പന്നിപ്പാറ പള്ളിമുക്കിൽ ചാലിയാറിന് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കിവരികയാണ്. എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അടിയന്തരമായി പ്രവൃത്തി ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## (9) ആദിവാസി യുവാവിന്റെ മരണം

ശ്രീ. കെ. രാജു: പുനലൂർ അച്ചൻകോവിലിൽ ചികിത്സ ലഭിക്കാതെ മരണപ്പെട്ട ആദിവാസി യുവാവിന്റെ കുടുംബത്തിന് ധനസഹായം നൽകാനും

അച്ചൻകോവിൽ പി.എച്ച്.സി.-യോട് ചേർന്നോ പട്ടികവർഗ്ഗ എക്സ്റ്റൻഷൻ ഓഫീസുമായി ബന്ധപ്പെട്ടുത്തിയോ വകുപ്പിന്റേതായ ആംബുലൻസ് സർവ്വീസ് ആരംഭിക്കാനും നടപടി സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): അച്ചൻകോവിലിൽനിന്നും പുനലൂർ താലൂക്ക് ആശുപത്രിയിലേയ്ക്കുള്ള യാത്രാമദ്ധ്യേ മരണപ്പെട്ട ആദിവാസി യുവാവിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാനും ആംബുലൻസ് അനുവദിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

## (10) ത്രിതല പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും മുൻഅംഗങ്ങൾ ക്ക് പെൻഷൻ

ശ്രീ. സി. മോയിൻകുട്ടി: ത്രിതല പഞ്ചായത്തുകളിലെയും കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലേയും മുൻ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും സാമൂഹ്യസുരക്ഷാ മിഷനിൽനിന്നും ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാമെന്ന ധാരണയിൽ ലേബർ

ഡിപ്പാർട്ട്മെന്റുമായി യോജിച്ച് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കാനും തീരുമാനമായിട്ടുണ്ട്. മറ്റ് പെൻഷനുകൾ ലഭിക്കാത്തവരും അഞ്ച് വർഷം പൂർത്തിയാക്കിയവരുമായ അറുപത് വയസ്സ് കഴിഞ്ഞ മുൻ ജനപ്രതിനിധികൾക്ക് ആയിരം രൂപാ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന കാര്യത്തിൽ മന്ത്രിസഭാ തീരുമാനപ്രകാരം അന്തിമ തീരുമാനമെടുത്ത് ഉത്തരവിറക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (11) കൊടകര-കുഴിക്കാണി പ്രദേശത്തെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി മണ്ഡലത്തിലെ മറ്റത്തൂർ പഞ്ചായത്തിലെ കൊടകര-കുഴിക്കാണി പ്രദേശത്തെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന തരത്തിലുള്ള മാറ്റം നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി തീരാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല. 2015-ൽ നടക്കാനിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള

പൊതുതെരഞ്ഞെടുപ്പിന് മുമ്പായി പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (12) തസ്തിക സൃഷ്ടിച്ചതിലെ അപാകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച അധിക ബാച്ചുകൾക്കനുസൃതമായി അധിക തസ്തികകൾ സൃഷ്ടിക്കാതിരിക്കുകയും സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ വിവേചനപരമായ നിലപാട് സ്വീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനുമുമ്പായി ഹയർ സെക്കണ്ടറി തസ്തിക അനുവദിച്ചതിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 03-08-2012-ലെ സർക്കാർ ഉത്തരവുപ്രകാരം 2011-12 അദ്ധ്യയന വർഷത്തിൽ സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചപ്പോൾ 550 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധികമായി സൃഷ്ടിച്ച ബാച്ചുകൾക്കായി 2011-12 അദ്ധ്യയന വർഷത്തേയ്ക്ക് എച്ച്.എസ്.എസ്.റ്റി., എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)/

അപ്ഗ്രഡേഷൻ എന്നീ വിഭാഗങ്ങളിലായി 1009 അദ്ധ്യാപക തസ്തികകളും 2011-12 വർഷത്തേയ്ക്കായി എച്ച്.എസ്.എസ്.റ്റി., എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)/ അപ്ഗ്രഡേഷൻ എന്നിവ ഉൾപ്പെടെ 855 തസ്തികകളും 2012-13 അദ്ധ്യയന വർഷത്തേയ്ക്കായി 1203 അദ്ധ്യാപക തസ്തികകളും ധനകാര്യ വകുപ്പിന്റെ ശുപാർശയുടേയും മന്ത്രിസഭാ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ സൃഷ്ടിക്കുകയുണ്ടായി. 2011-12 അദ്ധ്യയന വർഷത്തേയ്ക്ക് പുതുതായി 140 തസ്തികകൾകൂടി അനുവദിക്കേണ്ടതുണ്ടെന്നും തെറ്റായി അനുവദിച്ച മുപ്പതോളം തസ്തികകൾ റദ്ദാക്കപ്പെടേണ്ടതാണെന്നും കണ്ടെത്തിയതിനെത്തുടർന്ന് തെറ്റായി അനുവദിച്ച 68 അദ്ധ്യാപക തസ്തികകൾ നിറുത്തലാക്കാനും 101 തസ്തികകൾ പുതുതായി അനുവദിക്കാനും ധനകാര്യ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. ഉത്തരവായ തസ്തികകളുടെ എണ്ണത്തിലുണ്ടായ അപാകതകൾ പരിശോധിക്കുന്നതിനും അർഹതപ്പെട്ട തസ്തികകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ നിലവിലുള്ള ചട്ടപ്രകാരവും സർക്കാർ ഉത്തരവുപ്രകാരവും അവ അനുവദിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

## (13) സ്കൂളിന്റെ സ്ഥലം കൈമാറ്റം

ശ്രീ. മുല്ലക്കര രത്നാകരൻ: ചടയമംഗലം മണ്ഡലത്തിലെ ഇട്ടിവ, അലയമൺ

പഞ്ചായത്തുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി സ്കൂളിന്റെ സ്ഥലത്ത് കുടിവെള്ള സംഭരണി സ്ഥാപിക്കുന്നതിന് അനുവാദം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): വയല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അഞ്ച് സെന്റ് സ്ഥലം കുടിവെള്ള സംഭരണി നിർമ്മിക്കുന്നതിനായി അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിന്മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ അന്വേഷണത്തിൽ സ്കൂളിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്കൂളിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ നിലനിൽക്കുന്നതായിരിക്കുമെന്ന വ്യവസ്ഥയിൽ കുടിവെള്ള സംഭരണി നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നതാണ്.

## (14) സ്ഥിര നിയമനം

ശ്രീ. കെ. എൻ. എ. ഖാദർ: വ്യക്തമായ ചട്ടങ്ങൾക്ക് രൂപം നൽകി ഡയറക്ടറേറ്റിലും ആർ.ഡി.ഡി. ഓഫീസിലും ആവശ്യമായ സ്ഥിരം തസ്തികകളിൽ പി.എസ്.സി. മുഖേന ജീവനക്കാരെ നിയമിക്കാനും ഡെപ്യൂട്ടേഷൻ വ്യവസ്ഥ

അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ദേശീയ വിദ്യാഭ്യാസ നയത്തിനനുസൃതമായി കോളേജുകളിൽനിന്നും പ്രീഡിഗ്രി വേർപെടുത്തി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ച സമയത്ത് യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥരെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ഒഴിവുകളിലേയ്ക്ക് പരിഗണിക്കുകയും കേരള, മഹാത്മാഗാന്ധി, കോഴിക്കോട് സർവ്വകലാശാലകളിൽനിന്നും കൊളീജിയേറ്റ് എഡ്യുക്കേഷൻ ഡയറക്ടറേറ്റിൽനിന്നും 1:1:1:1 എന്ന അനുപാതത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തിരുന്നു. സ്ഥിരം ജീവനക്കാരിൽ 61 പേരാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നത്. ഓപ്ഷൻ നൽകി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ കടന്നുകൂടിയ അപാകതകൾ പരിശോധിക്കാനായി രൂപീകരിച്ച അനോമലി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപാകതകൾ തീർപ്പാക്കിയിട്ടുണ്ട്. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ വകുപ്പിന് മാത്രമായി സ്പെഷ്യൽ റൂൾസ്

രൂപീകരിച്ചിട്ടില്ലെന്ന കാരണത്താൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാർ തുടർന്നുവരികയും ഭീമമായ തുക പെൻഷൻ-കോൺട്രിബ്യൂഷൻ ഇനത്തിൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ അക്കൗണ്ടിലേയ്ക്ക് വർഷംതോറും അടച്ചുവരികയുമാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 61 ജീവനക്കാരിൽ 54 പേർ വകുപ്പിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഓപ്ഷൻ നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധിക ജോലിഭാരം ലഘൂകരിക്കുന്നതിനുമായി കോട്ടയം, മലപ്പുറം, കണ്ണൂർ ജില്ലകൾ കേന്ദ്രീകരിച്ച് മേഖലാ ഓഫീസുകൾ ആരംഭിക്കുകയും ചെങ്ങന്നൂർ കേന്ദ്രമാക്കി പുതിയ മേഖലാ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയുമാണ്.

## (15) ബി.എഡ്. സെന്റർ പൂട്ടാനുള്ള തീരുമാനം

ശ്രീ. ആർ. രാജേഷ്: കേരള സർവ്വകാശാലയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന പത്ത് ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം പുന:പരിശോധിക്കാനും ബി.എഡ്. കോളേജുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് രണ്ടായിരത്തോളം

വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കാനുള്ള സൗകര്യമൊരുക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കേരള സർവ്വകലാശാലയുടെ കീഴിലുള്ള ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി നടത്തിയ പരിശോധനയിൽ ചൂണ്ടിക്കാണിക്കപ്പെട്ട അപാകതകൾ സമയബന്ധിതമായി പരിഹരിക്കണമെന്ന വ്യവസ്ഥയോടെ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.റ്റി.ഇ.) 2015-16 അദ്ധ്യയന വർഷംവരെ ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത നടപടി റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത പെറ്റീഷനിന്മേൽ എൻ.സി.റ്റി.ഇ.-യുടെ അംഗീകാരം 2013-14 അദ്ധ്യയന വർഷത്തേയ്ക്ക് മാത്രമായി ചുരുക്കിക്കൊണ്ടും 2014 -15 അദ്ധ്യയന വർഷം മുതൽ കോഴ്സുകൾ നടത്തുന്നതിന് തുടർ അംഗീകാരം നേടണമെന്നും ഉത്തരവായിട്ടുള്ളതിനാൽ അംഗീകാരത്തിനായി കേരള സർവ്വകലാശാല എൻ.സി.റ്റി.ഇ.-യെ സമീപിച്ചിട്ടുണ്ട്. ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ നിർത്തലാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടില്ലെന്ന വിവരം കേരള സർവ്വകലാശാല

അറിയിച്ചിട്ടുണ്ട്.

## (16) ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വെഞ്ഞാറമൂട് ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കെ.എസ്.റ്റി.പി. ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി വെഞ്ഞാറമൂട് ടൗൺ ഉൾപ്പെടുന്ന എം.സി. റോഡിന്റെ തൈക്കാട്-അടൂർ-ചെങ്ങന്നൂർ ഭാഗത്തെ അപ്ഗ്രഡേഷൻ പ്രവൃത്തികളും റോഡ് സുരക്ഷാ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി തൈക്കാട്-അടൂർ റോഡിനെ മോഡൽ സേഫ് കോറിഡോർ ആക്കി മാറ്റുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിവരുന്നു. വെഞ്ഞാറമൂട് ബൈപ്പാസ് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി സൗജന്യമായി ലഭിക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പദ്ധതി ഏറ്റെടുക്കുന്നതാണ്.

## (17) ചക്കുവള്ളി-മാലുമേൽ ശാസ്താംകോട്ട റോഡിന്റെ നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ചക്കുവള്ളി-മാലുമേൽ ശാസ്താംകോട്ട റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ചക്കുവള്ളി-മാലുമേൽ ശാസ്താംകോട്ട റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 2010-ൽ കരാറുകാരനെ ഏൽപ്പിച്ചിരുന്നുവെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കി റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (18) മൂന്നാർ ബൈപ്പാസ്

ശ്രീ. എസ്. രാജേന്ദ്രൻ: വിനോദസഞ്ചാര മേഖലയായ മൂന്നാറിൽ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ബൈപ്പാസും പാലവും നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): മൂന്നാർ

ബൈപ്പാസ് നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ നാഷണൽ ഹൈവേ അംഗീകരിച്ചിട്ടില്ല. അപ്രോച്ച് റോഡുകൾ വീതി കൂട്ടുന്നതടക്കമുള്ള ജോലികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവെങ്കിലും ടോൾ പ്ലാസയുടെ സ്ഥാനം അറിയിക്കാത്തതിനാൽ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതാണ്. പുതിയ മൂന്നാർ പാലം, അപ്രോച്ച് റോഡ് തുടങ്ങിയവ പൂർത്തിയാകുന്നതോടുകൂടി ബൈപ്പാസിന് തുല്യമായ ഗതാഗത സൗകര്യം ലഭിക്കുന്നതാണ്. ബൈപ്പാസിനായുള്ള സമ്മർദ്ദം തുടരുന്നതാണ്.

## (19) <u>നടമ്മൽകടവ് പാലം നിർമ്മാണം</u>

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: കൊടുവള്ളി നിയോജകമണ്ഡലത്തിലെ നടമ്മൽകടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): കൊടുവള്ളി നിയോജകമണ്ഡലത്തിലെ നടമ്മൽകടവ് പാലത്തിന്റെ നിർമ്മാണത്തിനായി സൗജന്യമായി സ്ഥലം നൽകാമെന്നുള്ള വാഗ്ദാനത്തിൽനിന്നും ഒരു വിഭാഗം

ജനങ്ങൾ പിന്മാറിയതിനാൽ പാലം നിർമ്മാണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. റവന്യൂ വകുപ്പുമായി കോ-ഓർഡിനേറ്റ് ചെയ്ത് പാലം നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (20) <u>ബേക്കൽ-ബാംഗ്ലൂർ ഇന്റർസ്റ്റേറ്റ് ആന്റ് ടൂറിസം ഹൈവേ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):</u> കാസർഗോഡ് ജില്ലയിലെ ബേക്കൽ-ബാംഗ്ളൂർ ഇന്റർസ്റ്റേറ്റ് ആന്റ് ടൂറിസം ഹൈവേയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): ബേക്കൽ - ബാംഗ്ലൂർ ഇന്റർ സ്റ്റേറ്റ് ഹൈവേയുടെ കേരളത്തിലൂടെ കടന്നുപോകുന്ന മുപ്പത്തിയേഴ് കിലോമീറ്റർ റോഡ് ബി.എം.&ബി.സി. ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

## <u>മേശപ്പുറത്തുവച്ച കടലാസുകൾ</u>

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## <u>റിപ്പോർട്ട് സമർപ്പണം</u>

(1) വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - IV-ന്റെ 2014

മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-14 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(2) സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2013-14-ലെ ധനാധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## മുഖ്യമന്ത്രിയുടെ വിശദീകരണം

## വെറ്ററിനറി സർവ്വകലാശാലയിലെ NRI സീറ്റുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ് ഉന്നയിച്ച വിഷയത്തിനുള്ള മറുപടി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള അനിമൽ ഹസ്ബന്ററി യൂണിവേഴ്സിറ്റിയിൽ എൻ.ആർ.ഐ. ക്വാട്ടയിൽ അഡ്മിമിഷൻ നടത്തുന്നതിന്

തീരുമാനമെടുത്തത് സർക്കാരിന്റെ അറിവോ അനുമതിയോ കൂടാതെയായിരുന്നതിനാൽ അത് റദ്ദാക്കണമെന്നും വെബ്സൈറ്റിൽനിന്നും നീക്കം ചെയ്യണമെന്നും യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് മാനേജ്മെന്റ് യോഗംകൂടി മാത്രമേ അത് റദ്ദ് ചെയ്യാനാകുകയുള്ളൂ. ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അഡ്മിഷൻ സംബന്ധിച്ച അനന്തര നടപടികൾ യൂണിവേഴ്സിറ്റി നിറുത്തിവച്ചിട്ടുണ്ട്. ഈ മാസം 31-ാം തീയതി കൂടുന്ന ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിൽ വച്ച് സർക്കാർ നിർദ്ദേശമനുസരിച്ചുള്ള തീരുമാനമെടുക്കുന്നതാണ്.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. റ്റി. വി. രാജേഷ് ഉന്നയിച്ച പ്രശ്നം നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം

### 2014-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി): 2014-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 70060 കോടി രൂപ വോട്ട് ചെയ്തതും 24141 കോടി രൂപ ചാർജ്ജ് ചെയ്തതുമുൾപ്പെടെയുള്ള ധനവിനിയോഗ ബിൽ ആണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എസ്. ശർമ്മ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. എൽ.ഡി.എഫ്. ഭരണകാലത്ത് ഓവർ ഡ്രാഫ്റ്റ് എടുക്കുകയോ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയോ കരാറുകാരുടെ തുക നൽകുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്തിരുന്നില്ലെന്നു മാത്രമല്ല ട്രഷറി മിച്ചവും ഉണ്ടായിരുന്നു. ഇന്ന് കേരളത്തിന്റെ പൊതുകടം വർദ്ധിച്ചതോടൊപ്പം ആളോഹരി കടം മറ്റു സംസ്ഥാനങ്ങളേക്കാൾ കൂടുതലുമായിരിക്കുകയാണ്. പെൻഷൻ, ശമ്പളം തുടങ്ങിയ നിത്യനിദാന ചെലവുകൾക്ക് വായ്പയെടുക്കേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. എക്സൈസ്, രജിസ്ട്രേഷൻ തുടങ്ങിയ നികുതിയിനങ്ങളിൽ കുറവ് സംഭവിച്ചിരിക്കുന്നു. വാണിജ്യനികുതി കുടിശ്ശികയും വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള തുകയും ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച വാർഷിക പദ്ധതി

പൂർണ്ണമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശാസ്ത്രീയ സമീപനം സ്വീകരിക്കണം. കയർ, കൈത്തറി, ഖാദി, ഈറ്റ, മത്സ്യബന്ധനം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ നാശോന്മുഖമായിരിക്കുന്നു. മത്സ്യമേഖലയിലെ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക ചെലവഴിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടില്ല. പെട്രോൾ, ഡീസൽ, അവശ്യ സാധന വിലവർദ്ധനമൂലം ദുരിതമനുഭവിക്കുന്ന കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെമേൽ ഇരട്ട നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ആഗോള സാമ്പത്തിക പരിഷ്കാരങ്ങൾക്ക് കൂട്ടുനിൽക്കുന്ന സമീപനംമൂലമാണ് ഈ സ്ഥിതിവിശേഷം ഉണ്ടായത്.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് മെച്ചപ്പെട്ട സാമ്പത്തിക മാനേജ്മെന്റിന്റെ ഫലമായി ജി.ഡി.പി. നിരക്കിനോടൊപ്പം റവന്യൂ വരുമാനവും വർദ്ധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും കേന്ദ്ര ഏജൻസികളിൽനിന്നും ലഭിക്കുന്ന തുക പൂർണ്ണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക വാങ്ങിയെടുക്കുന്നതിനും ശ്രദ്ധ ചെലുത്തുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന മുഴുവൻ തുകയും സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നതിനും നടപടി സ്വീകരിക്കണം. 2014-15 വർഷത്തിൽ 20000 കോടി രൂപയുടെ പദ്ധതികൾ വിഭാവന ചെയ്ത് നടപ്പാക്കുമെന്ന

പ്രഖ്യാപനം നടപ്പാക്കുകയും മേജർ ഇൻവെസ്റ്റ്മെന്റ് പദ്ധതികൾക്ക് അനുമതി നൽകി അവ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യണം. പദ്ധതികളുടെ മുൻഗണനാക്രമം പുനർനിശ്ചയിച്ച് പദ്ധതിനടത്തിപ്പ് കാര്യക്ഷമമാക്കണം. കുടിവെള്ളം, ഭക്ഷ്യവിതരണം, മരുന്ന് വിതരണം, ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനം, ഗ്രാമീണറോഡുകളുടെ നിർമ്മാണം ഇവയൊക്കെ മുൻഗണനാ ക്രമത്തിലുൾപ്പെടുത്തണം. ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക ഓണത്തിന് മുമ്പ് തീർപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി, കടാശ്വാസ കമ്മീഷൻ തുക എന്നിവ അടിയന്തരമായി നൽകുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യ കയറ്റുമതിക്കാർക്ക് ഏർപ്പെടുത്തിയ സെസ് സംബന്ധിച്ച കേസ് തീർപ്പാക്കുന്നതിന് ഇടപെടൽ നടത്തി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ ശക്തിപ്പെടുത്തണം. ജീവനക്കാരുടെ ശമ്പളം ട്രഷറി വഴിയാക്കുകയും എല്ലാ ട്രഷറികളിലും എ.റ്റി.എം സ്ഥാപിക്കുകയും ചെയ്യണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ പുനർവിന്യസിച്ച് ട്രഷറി ഗ്രാമീണ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. തിലോത്തമൻ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഗവൺമെന്റിന്റെ മൂന്നുവർഷത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ നേട്ടങ്ങളേക്കാൾ കോട്ടങ്ങളുടെ നീണ്ട പട്ടികയാണ് കാണാൻ കഴിയുക.

വിലക്കയറ്റംകൊണ്ട് ജനങ്ങൾ ബുദ്ധിമുട്ടുമ്പോഴും ഫലപ്രദമായ വിപണി ഇടപെടലിന് തുക നീക്കിവയ്ക്കാൻ സർക്കാരിന് സാധിക്കുന്നില്ല. പൊതുവിതരണ കേന്ദ്രങ്ങളിൽ സബ്സിഡി സാധനങ്ങളുടെ എണ്ണം കുറഞ്ഞുവരികയാണ്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ പ്രതിസന്ധിയിലായിരിക്കുന്ന കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, മത്സ്യമേഖല തുടങ്ങിയവയെ പുനരുജ്ജീവിപ്പിക്കുന്നതിനോ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. വൈദ്യുതി മേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക നയങ്ങളിൽ മാറ്റമുണ്ടാക്കി നികുതി പിരിവ് കാര്യക്ഷമമാക്കണം

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന വൻകിട പദ്ധതികളും സാധാരണക്കാരുടെയും പട്ടിണിപ്പാവങ്ങളുടെയും ക്ഷേമത്തിനായുള്ള നിരവധി പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നതിന് ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും മത്സ്യത്തൊഴിലാളികളുടേയും ക്ഷേമത്തിനായി നിരവധി പദ്ധതികളും ആരംഭിക്കുകയും നിർഭയ, സ്നേഹപൂർവ്വം തുടങ്ങിയ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് തുടക്കംകുറിക്കുകയും ചെയ്തു. മിഷൻ 676-ലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. മിഷൻ 676-ന്റെ ഭാഗമായി 'യങ് എന്റർപ്രെണേഴ്സ് സമ്മിറ്റ്'

നടത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. കരാറുകാരുടെ കുടിശ്ശിക അടിയന്തരമായി നൽകുന്നതിനും എം.എൽ.എ.മാരുടെ സുസ്ഥിര ആസ്തി വികസന ഫണ്ട് 10 ലക്ഷം രൂപയായി കുറയ്ക്കുന്നതോടൊപ്പം പ്രവൃത്തികളുടെ എണ്ണം ചുരുങ്ങിയത് 25 ആയി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് ദുരിതാശ്വാസം നൽകുന്നതിനും വികസന ആവശ്യങ്ങൾക്ക് ഭൂമിയേറ്റെടുക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. മാത്യു. റ്റി തോമസ്</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിനോട് നീതിപുലർത്താൻ ഗവൺമെന്റിന് കഴിയുന്നില്ല. സംസ്ഥാനത്ത് ട്രഷറികളുടെ പ്രവർത്തനവും നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭനാവസ്ഥയിലാണ്. കരാറുകാർക്ക് കുടിശ്ശിക നൽകാത്തതിന്റെ ഫലമായി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് സാധിക്കാതെ വരുന്നു. സംഭരിച്ച നെല്ലിന് വില നൽകാതിരിക്കുകയും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാതിരിക്കുകയും ക്ഷേമപദ്ധതികളിൽ കുടിശ്ശിക വരുത്തുകയും ചെയ്തതുമൂലം സംസ്ഥാനത്ത് മാന്ദ്യം അനുഭവപ്പെടുകയാണ്. സംസ്ഥാനത്ത് രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുകയാണ്. സ്കൂളുകളിൽ പാഠപുസ്തകങ്ങൾ, യൂണിഫോമുകൾ എന്നിവ കൃത്യമായി വിതരണം ചെയ്യുന്നില്ല. സമസ്ത മേഖലകളിലും ധനകാര്യ

മാനേജ്മെന്റിന്റെ പാളിച്ചയാണ് അനുഭവപ്പെടുന്നത്. കെ.എസ്.ആർ.ടി.സി.യെ തകർക്കുന്ന രീതിയിലുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. ജോസഫ് വാഴക്കൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അഭിമാനകരമായ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് കാഴ്ചവയ്ക്കുന്നത്. സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ സമയബന്ധിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സാധിക്കുന്നുണ്ട്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടിയുണ്ടാകണം. സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി ശബരി റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കൂടംകുളം ആണവനിലയത്തിൽനിന്നും വൈദ്യുതിലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കണം. അധികാരത്തിലിരുന്നപ്പോൾ അനുമതി നൽകിയ പദ്ധതികളെ എതിർക്കുന്ന സമീപനം പ്രതിപക്ഷം തിരുത്തണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഈ സർക്കാരിന്റെ കെടുകാര്യസ്ഥതയും അഴിമതിയുമാണ് സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കെത്തിച്ചിരിക്കുന്നത്. നികുതിവെട്ടിപ്പ് നടത്തുന്ന വൻകിടക്കാരെ സംരക്ഷിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും റവന്യൂ ചെലവ്

നിയന്ത്രിക്കുന്നതിനും നടപടിയുണ്ടാകണം. നിർമ്മാണ സാമഗ്രികളുടെ വൻതോതിലുള്ള വിലവർദ്ധനവും കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കാത്തതും സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ സ്തംഭിക്കാൻ കാരണമായിട്ടുണ്ട്. സർക്കാർ പണം തട്ടിയെടുത്ത മഞ്ചേശ്വരത്തെ കബഡി ക്ലബ്ബിനെതിരെ അന്വേഷണം നടത്തണം.

ശ്രീ. ഷാഫി പറമ്പിൽ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വികസനത്തിനും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ ഗവൺമെന്റാണിത്. വികസനത്തിന്റെ ഭാഗമായി വിട്ടുവീഴ്ചകൾ ചെയ്യുന്നതിനെ എതിർക്കുന്ന പൊതു നിലപാട് മാറേണ്ടതുണ്ട്. സ്മാർട്ട് സിറ്റി, മോണോ റെയിൽ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളും കാരുണ്യ ലോട്ടറി, സീറോ ലാന്റ്ലെസ്, കോക്ലിയർ ഇംപ്ലാന്റേഷൻ തുടങ്ങിയ ജനക്ഷേമ പദ്ധതികളും ആരംഭിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ക്ഷേമ പെൻഷനുകളുടെയും തുക വർദ്ധിപ്പിക്കുകയും കർഷകർക്ക് പെൻഷൻ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വകുപ്പിന്റെ കീഴിൽ പുതിയ മെഡിക്കൽ കോളേജ്, ഐ.എ.എസ്. അക്കാദമി, മലയാള സർവ്വകലാശാല, സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്ത സ്ഥലങ്ങളിൽ സർക്കാർ/എയ്ഡഡ് കോളേജുകൾ, സർക്കാർ മേഖലയിൽ ഒമ്പതോളം മെഡിക്കൽ

കോളേജുകൾ എന്നിവയെല്ലാം ഈ സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്.

ശ്രീ. സി. മമ്മൂട്ടി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച ഗവൺമെന്റാണിത്. മുൻവർഷങ്ങളെ അപേക്ഷിച്ച് റവന്യൂ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. മദ്യത്തിന്മേലുള്ള നികുതി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. സ്മാർട്ട് സിറ്റി, സ്റ്റാർട്ട് അപ് വില്ലേജ് തുടങ്ങിയവയെല്ലാം ഈ ഗവൺമെന്റിന്റെ വികസന മുഖത്തെയാണ് കാണിക്കുന്നത്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് അഞ്ചുകോടി രൂപയായി വർദ്ധിപ്പിച്ച നടപടി ശ്ലാഘനീയമാണ്. വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ ഒട്ടേറെ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. തിരൂർ ജില്ലാ ആശുപത്രിയിൽ കാൻസർ ബ്ലോക്ക് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്ന് അനുവദിക്കുന്ന പ്രവൃത്തികൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണം.

ശ്രീമതി കെ. കെ. ലതിക: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ക്ഷേമ പെൻഷനുകളും കരാറുകാരുടെ കുടിശ്ശികയും കൊടുത്തുതീർക്കണം. വരൾച്ചാ ദുരിതാശ്വാസവും കാലവർഷക്കെടുതിക്കുള്ള നഷ്ടപരിഹാരവും വിതരണം

ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ രംഗത്ത് അൺ എയ്ഡഡ് മേഖലയ്ക്ക് അമിത പ്രാധാന്യം നൽകുന്ന നടപടി ആശാസ്യമല്ല. ജനജീവിതം ദുസ്സഹമാക്കുന്ന തരത്തിൽ സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്ന കേന്ദ്രസർക്കാരിന് ഒത്താശ ചെയ്തുകൊടുക്കുന്ന സർക്കാരാണിത്. പ്രവാസി മലയാളികളുടെ നിക്ഷേപം ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങളും തൊഴിലവസരങ്ങളും ആഭ്യന്തര ഉല്പാദനവും വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സാമൂഹ്യ സാമ്പത്തിക സുരക്ഷയ്ക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം.

**<u>അറിയിപ്പ്</u>**

**<u>നിയമസഭാ ചട്ടം താത്കാലികമായി വേവ് ചെയ്യൽ</u>**

ധനവിനിയോഗ ബില്ലിന്മേലുള്ള ചർച്ച പൂർത്തിയാകാത്ത സാഹചര്യത്തിൽ നിയസഭാ നടപടി ചട്ടം 153(2) താത്കാലികമായി വേവ് ചെയ്യുന്നതായി ചെയർ അറിയിച്ചു.

ഡോ. എൻ. ജയരാജ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. മുൻ സർക്കാർ പ്രഖ്യാപിച്ച 5000 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള അധിക സാമ്പത്തിക ബാദ്ധ്യതയും വിഴിഞ്ഞം ഹാർബർ, കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, മൊബിലിറ്റി ഹബ്, പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങിയ മെഗാ പ്രോജക്റ്റുകളും ഏറ്റെടുത്ത് നടപ്പാക്കാനുള്ള ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകുന്ന സർക്കാരാണിത്. കൃത്യമായ ഫണ്ട് അലോക്കേഷനിലൂടെ സാമൂഹ്യനീതി രംഗത്ത് പ്രചോദനം നൽകുന്ന പ്രവർത്തനങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തതും 20000 കോടി രൂപയുടെ വാർഷിക പദ്ധതിയിൽ 31% തുക സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചതും സർക്കാരിന്റെ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റെ ദൃഷ്ടാന്തമാണ്. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനുവേണ്ടി മംഗല്യലോട്ടറി പോലുള്ള പദ്ധതിയെപ്പറ്റി ആലോചിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ആസ്തി വികസനഫണ്ട് ഏർപ്പെടുത്തുന്ന കാര്യം പുനരാലോചിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. 2014-15-ൽ ആകെ വരവ് 68482 കോടി രൂപയും ചെലവ് 71794 കോടി രൂപയുമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കടബാദ്ധ്യത ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ചെക്ക് പോസ്റ്റുകൾ അഴിമതി വിമുക്തമാക്കുന്നതോടൊപ്പം നികുതി പിരിവ് കർശനമാക്കി വരുമാന വർദ്ധനവുണ്ടാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾക്ക് അനുവദിച്ച പണം ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കണം. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ എ.എസ്. കൊടുത്ത പദ്ധതികളുടെ ബാദ്ധ്യത ഈ സർക്കാരാണ് ഏറ്റെടുത്തത്. ആരോഗ്യരംഗത്ത് ആവശ്യമായ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചതും പുതിയ മെഡിക്കൽ കോളേജുകൾ, ഡെന്റൽ കോളേജുകൾ, താലൂക്കാശുപത്രികൾ എന്നിവ ആരംഭിക്കുന്നതിനെടുത്തിരിക്കുന്ന തീരുമാനവും അഭിനന്ദനാർഹമാണ്.

പുതുതായി 32 കോളേജുകളും പുതിയ കോഴ്സുകളും ഏർപ്പെടുത്തിയതും അംഗീകാരം കിട്ടാതിരുന്ന അദ്ധ്യാപകർക്ക് അംഗീകാരം നൽകി മുൻകാല പ്രാബല്യത്തോടെ ശമ്പളം കൊടുക്കാൻ തീരുമാനിച്ചതും ഈ സർക്കാരിന്റെ ഭരണനേട്ടമാണ്. നികുതി പിരിച്ചെടുക്കാനുള്ള നടപടി ഊർജ്ജിതമാക്കാനും നികുതിയുമായി ബന്ധപ്പെട്ട കേസ്സുകളിൽ തീർപ്പ്കൽപ്പിക്കുന്നതിനും രജിസ്ട്രേഷൻ വകുപ്പിൽനിന്നും ലഭിക്കുന്ന റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തുണ്ടായ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും നികുതിവെട്ടിപ്പും മുഖമുദ്രയാക്കിയതിന്റെ ഫലമായാണ് റവന്യൂ വരുമാനത്തിൽ കുറവ് വന്നിരിക്കുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനോ വിലക്കയറ്റം നിയന്ത്രിക്കാനോ സർക്കാരിന് കഴിയുന്നില്ല. ചെക്ക്പോസ്റ്റുകൾ വഴിയുള്ള കള്ളക്കടത്തിനും നികുതി വെട്ടിപ്പിനും ഭരണസംവിധാനം കൂട്ടുനിൽക്കുകയാണ്. മൂന്നുവർഷംകൊണ്ട് സംസ്ഥാനത്തിന്റെ പൊതുകടം വൻതോതിൽ വർദ്ധിച്ചു. നികുതി കുടിശ്ശിക

പിരിച്ചെടുക്കാൻ യാതൊരു ശ്രമവും നടത്തുന്നില്ല. വികസന പ്രവർത്തനങ്ങൾക്കായി എടുക്കുന്ന കടത്തിന്റെ സിംഹഭാഗവും റവന്യൂ കമ്മി നികത്താനാണ് ഉപയോഗിക്കുന്നത്. ഗ്രാമ വികസന പദ്ധതികളുടെ ഫണ്ട് വകുപ്പുമന്ത്രി സ്വന്തം മണ്ഡലത്തെ കേന്ദ്രീകരിച്ച് ചെലവഴിക്കുന്നത് പ്രതിഷേധാർഹമാണ്. കഴിഞ്ഞവർഷം പദ്ധതി ചെലവുകൾക്കായി നീക്കിവച്ച തുകയിൽ പല വകുപ്പുകളും നാമമാത്രമായ തുകയാണ് ചെലവഴിച്ചിട്ടുള്ളത്. കേരളത്തിലെ ധനകാര്യ മാനേജ്മെന്റ് വൻപരാജയമാണ്. കരാറുകാർക്ക് നൽകാനുള്ള തുകയിലും വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളിലും കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സർക്കാർ നിക്ഷേപം വാണിജ്യ ബാങ്കുകളിലേയ്ക്കും പുതുതലമുറ ബാങ്കുകളിലേയ്ക്കും മാറ്റിക്കൊടുക്കുന്നത് ഉചിതമാണോ എന്ന കാര്യം ആലോചിക്കണം. റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നികുതി വരുമാനം പരിരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ്

കാര്യക്ഷമമായി ഇടപെടുന്നുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 37,648 ആന്യുറ്റി റിട്ടേൺ തിട്ടപ്പെടുത്തുകയും 1687 കെ.ജി.എസ്.ടി. അസെസ്സ്മെന്റും 1687 സി.എസ്.ടി. അസെസ്സ്മെന്റും തീർപ്പാക്കുകയും 3828 ആഡിറ്റ് വിസിറ്റുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ ഫലപ്രദമായ നടപടികളിലൂടെ ഇന്റലിജൻസ് വിഭാഗം വഴി 21 ശതമാനവും ചെക്ക്പോസ്റ്റുകളിലൂടെ 51 ശതമാനവും വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചു. വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയാണ് യു.ഡി.എഫ് സർക്കാർ കടമെടുക്കുന്നത്. രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യം പ്രതികൂലമായി ബാധിച്ചതിനാലാണ് നികുതി വരുമാനത്തിൽ കുറവുണ്ടായത്. കേന്ദ്ര നികുതി വിഹിതവും ധനസഹായവും പ്രതീക്ഷിച്ചത്ര ലഭിച്ചില്ല. റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത് ആശാവഹമായ കാര്യമാണ്. 2011-12, 2012-13 വർഷങ്ങളിൽ വേയ്സ് ആന്റ് മീൻസ്, ഓവർഡ്രാഫ്റ്റ് എന്നിവയെ ആശ്രയിക്കേണ്ടി വന്നിട്ടില്ല. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 1225 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. 2013 ഡിസംബർ

വരെയുള്ള കർഷക-മത്സ്യത്തൊഴിലാളി-കയർ തൊഴിലാളി-വാർദ്ധക്യകാല പെൻഷനുകൾ കൊടുത്തുതീർത്തിട്ടുണ്ട്. കാരുണ്യ ചികിത്സാ ധനസഹായം 36,818 രോഗികൾക്കായി 387 കോടി രൂപ നൽകിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ 2014 മേയ് മാസം വരെയുള്ള ഡി.എ. കുടിശ്ശികയും നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ആവശ്യമില്ലാതെ വന്നാൽ അധിക വിഹിതം വകമാറ്റി ചെലവഴിക്കുന്നത് മിസ് മാനേജ്മെന്റായി കണക്കാക്കാൻ കഴിയില്ല. എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നില്ല; എന്നാൽ ബന്ധപ്പെട്ട വകുപ്പുകൾ പദ്ധതിയുടെ ഭരണപരമായ ആവശ്യം പരിശോധിച്ച് ബോധ്യപ്പെടേണ്ടതുണ്ട്. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി എൻ.ജി.ഒ.കളുടെ ശമ്പളം നൽകുന്ന കാര്യം ആലോചിക്കുന്നതാണ്. ട്രഷറികളിൽ എ.ടി.എം. സ്ഥാപിച്ചാൽ അക്കൗണ്ട് ഉള്ളവർക്കുമാത്രമേ പ്രയോജനപ്രദമാകുകയുള്ളൂ. കടബാധ്യത തിരിച്ചടയ്ക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വീഴ്ച വരുത്തിയിട്ടില്ല. വികസന ചെലവിലും മൂലധന ചെലവിലും ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്.

ജി.എസ്.ഡി.പി. യുമായിട്ടുള്ള കടത്തിന്റെ റേഷ്യോ നിലനിറുത്താൻ സാധിച്ചിട്ടുണ്ട്. അംഗങ്ങളിൽനിന്നും ഉയർന്നുവന്ന വിമർശനങ്ങളെ ഉൾക്കൊള്ളുകയും നിർദ്ദേശങ്ങൾ പരിഗണിക്കുന്നതുമാണ്. അനാവശ്യ ചെലവുകൾ കുറച്ച് മികച്ച ധനകാര്യ മാനേജ്മെന്റിലൂടെയാണ് സംസ്ഥാനഭരണം മുന്നോട്ടുപോകുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2014-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 44-നെതിരെ 69 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 2.33-ന് പിരിഞ്ഞു.

***********